# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 510 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

## കാർഷികാദായ നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് കാർഷികാദായ നികുതി ആരിൽ നിന്നെല്ലാമാണ് ഈടാക്കി വരുന്നത്; എത്ര ശതമാനം വീതമാണ് ഈടാക്കി വരുന്നത് ; | (എ) | കേരള കാർഷികാദായ നികുതി നിയമ പ്രകാരം കാർഷികാദായ നികുതി അടയ്ക്കാനുള്ള ബാദ്ധ്യത നിലവിൽ തദ്ദേശീയവും വിദേശീയവുമായ കമ്പനികൾക്കു മാത്രമാണുള്ളത്. 30% ആണ് നികുതി നിരക്ക്. |
| (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നോ കാർഷികാദായ നികുതി ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം വീതമാണ്; ഈടാക്കുന്നില്ലെങ്കിൽ എന്നാണ് ഇത് ഒഴിവാക്കിയത്; | (ബി) | ഈടാക്കുന്നില്ല. 01-04-13 മുതൽ സ്വകാര്യ വ്യക്തികളേയും, കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയും കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | 2016-ലെ ധനകാര്യ ബിൽ പ്രകാരം കാർഷികാദായ നികുതി നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ഭേദഗതിയാണ് വരുത്തിയത്; ഭേദഗതി പ്രകാരം കാർഷികാദായ നികുതി നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (സി) | 2016-ലെ ധനകാര്യ നിയമ പ്രകാരം, കാർഷികാദായ നികുതി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തദ്ദേശ കമ്പനികളുടെ നികുതി നിരക്കും വിദേശ കമ്പനികളുടെ നികുതി നിരക്കും നിലവിലെ ആദായ നികുതി നിരക്കായ 30 ശതമാനമായി ഏകീകരിച്ചു. കാർഷികാദായ നികുതി നിയമത്തിലെ പട്ടികയിൽ മേൽപ്പറഞ്ഞ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ഡി) | കാർഷികാദായ നികുതി നിയമത്തിന്റെ പട്ടികയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് | (ഡി) | കാർഷികാദായ നികുതി നിയമത്തിന്റെ 3-ാം വകുപ്പിന്റെ പ്രൊവൈസൊ പ്രകാരം 01-04-13 മുതൽ കമ്പനി നിയമം, 1956 |

| | | | |
|---|---|---|---|
| | ഇപ്പോഴും നികുതി നിലവിലുള്ളതായി സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ നികുതി ഒഴിവാക്കുകയും ബന്ധപ്പെട്ട നിയമത്തിൽ അതിനനുസൃതമായ മാറ്റം വരുത്താതിരിക്കുകയും ചെയ്യുന്നത് ഭരണപരമായ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | അനുസരിച്ച് രജിസ്റ്റർ ചെയ്ത കമ്പനികളിൽ നിന്നല്ലാതെ മറ്റൊരു വ്യക്തിയിൽ നിന്നും നികുതി ഈടാക്കുകയില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ, പട്ടികയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും വ്യക്തികൾക്കും നികുതി നിരക്ക് സൂചിപ്പിച്ചിരിക്കുന്നത് ഭരണപരമായ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**